**എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം**
**(ഹാജർ :എസ്. സുഹാസ്, ഐ. എ. എസ്.)**

C2-57487/11/DCEKM തീയതി : 26/08/2020

വിഷയം : ആലിൻചുവട് വെണ്ണല റോഡ് വികസനം - പൊന്നും വില നടപടി പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയിച്ചു കൊണ്ടുള്ള റിപ്പോർട്ട് അംഗീകരിച്ചുത്തരവാകുന്നത് - സംബന്ധിച്ച്

സൂചന : (1) ആർ.ബി.ഡി.സി.കെ മാനേജിംഗ് ഡയറക്ടറുടെ 16.07.16 ലെ LA- 1964/12/1108 നമ്പർ ആമുഖ കത്തും അതോടൊപ്പമുള്ള അർത്ഥനാപത്രവും അനുബന്ധരേഖകളും.

(2) സംസ്ഥാന സർക്കാരിന്റെ 04.12. 15 ലെ G.O.(p) No 649/2015/RD നമ്പർ ഉത്തരവ്.

(3) 04.10.19 ഇതേ നമ്പർ പ്രാഥമിക വിജ്ഞാപനം- ഫാറം നമ്പർ 7

(4) എറണാകുളം (എൽ.എ.) ജനറൽ സ്പെഷ്യൽ തഹസിൽദാരുടെ 25.06.2020 ലെ F1-865/18 നമ്പർ കത്തും അടിസ്ഥാന വില നിർണ്ണയറിപ്പോർട്ടും

(5) എറണാകുളം (എൽ.എ.) ഡെപ്യൂട്ടി കളക്ടറുടെ 10.08.2020 ലെ സ്ഥലപരിശോധനാ റിപ്പോർട്ട്.

..................

ആലിൻചുവട് വെണ്ണല റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്ക് ഇടപ്പള്ളി തെക്ക് വില്ലേജിലെ 122, 123, 124 എന്നീ സർവ്വേ നമ്പരുകളിൽ നിന്നായി 0.0345 ഹെക്ടർ സ്ഥലം ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം, 2013 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി 16. 07. 2016 ൽ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അർത്ഥനയും അനുബന്ധരേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. പരാമർശം (3) പ്രകാരം സംസ്ഥാന സർക്കാർ ലാൻഡ് അക്വിസിഷൻ ഓഫീസറായി എറണാകുളം (എൽ. എ.) ജനറൽ സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിട്ടുള്ളതുമാണ്.

RFCT LARR ആക്ട്, 2013 പ്രകാരം നഷ്ടപരിഹാരം കണക്കാക്കുന്നതിനായി ലാൻഡ് അക്വിസിഷൻ ഓഫീസർ എറണാകുളം (എൽ. എ.) ജനറൽ സ്പെഷ്യൽ

തഹസിൽദാർ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എൽ. എ. ഡെപ്യൂട്ടി കളക്ടർ 10.08.2020 ന് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

വകുപ്പ് 26(1) പ്രകാരം ശരാശരി വില്പന വില കണക്കാക്കുവാൻ പദ്ധതി പ്രദേശത്തിന് സമീപസ്ഥലങ്ങളായി കാണപ്പെട്ടതും സമാനമായി സ്ഥിതി ചെയ്യുന്നതുമായ വസ്തുക്കളുടെ പത്ത് ആധാരങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുള്ളതും ആയതിൽ ഉയർന്ന വിലയുള്ള അഞ്ച് ആധാരങ്ങളുടെ ശരാശരി വിൽപ്പന വിലയായി ആർ ഒന്നിന് Rs3343220 (സെന്റ് ഒന്നിന് Rs 13,52,982) കണക്കാക്കിയിട്ടുള്ളതുമാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുംപ്രകാരം സ്ഥലവില നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| | |
|---|---|
| കാറ്റഗറി:കോർപ്പറേഷൻ റോഡ് സാമീപ്യമുള്ള പുരയിട വസ്തു<br>താലൂക്ക്-കണയന്നൂർ<br>വില്ലേജ്- ഇടപ്പള്ളി (തെക്ക്)<br>സർവ്വെ നം. 122, 123, 124 | ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ 949/19, 649/19, 223/18, 247/18, 2140/17 എന്നീ തീറാധാരങ്ങളുടെ ശരാശരി വിലയായ ആർ ഒന്നിന് 3343220 ( സെന്റ് ഒന്നിന് Rs.1352,982 )സ്ഥലവിലയായി നിശ്ചയിച്ച് ഉത്തരവാകുന്നു. |

(ഒപ്പ്)
ജില്ലാ കളക്ടർ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ)

പകർപ്പ് : 1) മാനേജിംഗ് ഡയറക്ടർ ആർ.ബി.ഡി.സി.കെ
2) സ്പെഷ്യൽ തഹസിൽദാർ (എൽ.എ)ജനറൽ

t-14